**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2472** **15-10-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ പാലക്കാട് വ്യവസായ ഇടനാഴി പദ്ധതി (കിൻഫ്ര മുഖേന) എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ പാലക്കാട് പദ്ധതി പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലായി 1,710 ഏക്കർ വ്യാപിച്ചുകിടക്കുന്ന പദ്ധതി ആണ്.<br><br>പാലക്കാട് സംയോജിത മാനുഫാക്ചറിംഗ് ക്ലസ്റ്ററിനായുള്ള ഡിപിആർ തയ്യാറാക്കി. ഐഎംസി പാലക്കാടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2026 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇപിസി കരാറിന്റെ ആഗോള ടെൻഡറുകൾ അടുത്ത മാർച്ചോടെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ നയത്തിന് അനുസൃതമായി, ആവശ്യമുള്ളിടത്ത് പ്രോത്സാഹനങ്ങളും ഇളവുകളും നൽകും.<br><br>വാട്ടർ ട്രാൻസ്മിഷൻ നെറ്റ്‌വർക്ക്, വാട്ടർ ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക്, റീസൈക്കിൾഡ് വാട്ടർ നെറ്റ്‌വർക്ക്, ഡ്രൈനേജ് നെറ്റ്‌വർക്ക്, ഇന്റേണൽ റോഡ്സ്, ഇഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ സപ്ലൈ നെറ്റ്‌വർക്ക് എന്നീ അടിസ്ഥാന സൗകര്യങ്ങൾ 1710 ഏക്കർ ഡെവലപ്പ് ചെയ്യാൻ ആയിട്ട് ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.<br><br>പാലക്കാട് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റിക്ക് വേണ്ടി 2024 ഓഗസ്റ്റ് 28-ന് 3806 കോടി രൂപയ്ക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം ലഭിച്ചു. ഇതെ തുടർന്ന് എൻ.ഐ.സി.ഡി.സി.യും കേരള സർക്കാരും തമ്മിലുള്ള ഏകോപനത്തിനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു.<br><br>നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് ആൻഡ് ഇംപ്ലിമെൻറേഷൻ ട്രസ്റ്റും (NICDIT) കേരള സർക്കാരും 50:50 ഇക്വിറ്റി പങ്കാളിത്തത്തോടെ "The Kerala Industrial |

| | | | |
|---|---|---|---|
| | | | Corridor Development Corporation Limited" (KICDC) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചു. കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി (കെബിഐസി) നടപ്പാക്കുന്നതിനുള്ള എല്ലാ ഭാവി പ്രവർത്തനങ്ങളും ഈ സ്ഥാപനം ഏകോപിപ്പിക്കും.<br><br>എൻ.ഐ.സി.ഡി.സി.യുടെ ഫണ്ട് അലോക്കേഷന്റെ അടിസ്ഥാനത്തിൽ ഭൂമി ഗവൺമെന്റ് ഓഫ് കേരള ഇക്വിറ്റിയായി എസ്.പി.വി.യ്ക്ക് കൈമാറും. ആദ്യ ഘട്ടം 2027 ഓടു കൂടി പൂർത്തീകരിക്കാനും രണ്ടാം ഘട്ടം 2030 ഓടു കൂടി പൂർത്തീകരിക്കാനും ആണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള എല്ലാ അടിസ്ഥാന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ